"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് — കോഴിക്കോട് ഉത്തരമേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി. സെറീന കെ-യെ മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേക്ക് സ്ഥലംമാറ്റിയ നടപടിക്കെതിരെ സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.498/2026/F&P തീയതി,തിരുവനന്തപുരം, 22-08-2026

---

പരാമർശം:-

1. ഫിഷറീസ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 04.06.2026-ലെ DFTVM/2938/2025-A1 Part(4) നമ്പർ നടപടിക്രമം
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 08.06.2026-ലെ O.A (EKM) No.708/2026 നമ്പർ ഉത്തരവ്
3. ശ്രീമതി. സെറീന കെ 9.6.2026 തിയതിയായി സമർപ്പിച്ച അപ്പീൽ അപേക്ഷ.
4. 08.07.2026 ലെ A1/134/2026-FandP നമ്പർ സർക്കാർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ഉത്തരമേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്കായ ശ്രീമതി. സെറീന കെ-യെ പരാമർശം (1) പ്രകാരം മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റിയിരുന്നു. ടി ഉത്തരവിനെതിരെ ശ്രീമതി. സെറീന കെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A.(EKM) No.708/2026 -ൽ, അപേക്ഷകയ്ക്ക് ഓൺലൈൻ ഹിയറിംഗ് മുഖേന വാദം കേൾക്കുന്നതിനും അവരുടെ ശാരീരിക അവസ്ഥകളും പ്രയാസങ്ങളും പരിഗണിച്ച് ഉചിതമായ ഉത്തരവ് കൈക്കൊള്ളുന്നതിനും നിർദ്ദേശിച്ചു കൊണ്ട് പരാമർശം (2) വിധി പുറപ്പെടുവിച്ചു.

പരാമർശം (2) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സെറീന കെ പരാമർശം (3) പ്രകാരം സർക്കാരിലേക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും, പരാമർശം (4) പ്രകാരം 13.07.2026-ൽ ടിയാളെ ഓൺലൈൻ ഹിയറിംഗിൽ കേൾക്കുകയും ചെയ്തു.

ഹിയറിംഗിൽ ശ്രീമതി.സെറീന.കെ താഴെപ്പറയുന്ന വസ്തുതകൾ ബോധിപ്പിച്ചു.

- ടിയാൾ 'Arteriovenous Malformation' എന്ന അപൂർവ്വവും ഗുരുതരവുമായ രോഗത്തിന് 2007 മുതൽ ചികിത്സയിലാണ്.

- അസുഖം മൂർച്ഛിച്ചതിനെ തുടർന്ന് കാൽമുട്ടിന് താഴെ മുറിച്ചുമാറ്റേണ്ടി വരികയും നിലവിൽ കൃത്രിമക്കാലിന്റെ (Artificial Limb) സഹായത്തോടെയാണ് സഞ്ചരിക്കുന്നതും.
- അംഗീകൃത മെഡിക്കൽ ബോർഡ് ടിയാൾക്ക് 50% സ്ഥിര വൈകല്യം (Standing Disability) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
- പ്രസ്തുത രോഗത്തിനുള്ള തുടർചികിത്സ കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിൽ നിന്നാണ് ലഭ്യമാകുന്നത്. മലപ്പുറം ജില്ലയിൽ ഇതിനുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ല.
- കോഴിക്കോട് ഫിഷറീസ് ക്വാർട്ടേഴ്സിൽ താമസിച്ച് ഓഫീസിൽ എത്തുന്നതിനും കുടുംബപരമായ പരിരക്ഷ ഉറപ്പാക്കുന്നതിനും നിലവിലെ സ്റ്റേഷൻ അനിവാര്യമാണ്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി. സെറീന കെ 50% ശാരീരിക വൈകല്യമുള്ള ജീവനക്കാരിയാണെന്നും, പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾ പ്രകാരം വികലാംഗരായ ജീവനക്കാർ സംരക്ഷിത വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്നും വ്യക്തമാണ്. കൂടാതെ, ടിയാൾ നേരിടുന്ന ഗുരുതര ആരോഗ്യസ്ഥിതിയും കോഴിക്കോട് കേന്ദ്രീകരിച്ചുള്ള പ്രത്യേക തുടർചികിത്സയുടെ ആവശ്യകതയും കണക്കിലെടുത്ത്, കാരുണ്യപരമായ പരിഗണന അർഹിക്കുന്നതിനാൽ പരാമർശം (1)-ലെ ശ്രീമതി. സെറീന കെ-യെ മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റിയ നടപടി ഇതിനാൽ റദ്ദ് ചെയ്യും, ടിയാളെ കോഴിക്കോട് ഉത്തരമേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലർക്ക് തസ്തികയിൽ തുടർന്നും സേവനമനുഷ്ഠിക്കാൻ അനുവദിച്ചും ഉത്തരവാകുന്നു.

അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A(EKM)No.708/2026-ൽ 08.06.2026-ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREEJA S S
അണ്ടർ സെക്രട്ടറി

അഡ്വ.ജനറൽ , എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി. സെറീന കെ, സീനിയർ ക്ലർക്ക്, ഫിഷറീസ് വകുപ്പ്
(ഫിഷറീസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ശേഖരം (എ1/134/2026/മ.തു.വ)

ഉത്തരവിൻ പ്രകാരം
Digitally signed by
Aswathy M L
Date: 24-08-2026
12:29:19
സെക്ഷൻ ഓഫീസർ